**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലാ ബധിര അസോസിയേഷൻ - സിൽവർ ജൂബിലി ആഘോഷം 2013 - മലപ്പുറം ജില്ലയിലെ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2981**/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതിഃ 04/12/2013.

===

പരാമർശംഃ- 1) മലപ്പുറം ജില്ലാ ബധിര അസോസിയേഷൻ ഓർഗനൈസിങ് സെക്രട്ടറിയുടെ 19.08.2013-ലെ MDAD/SJ-5/2013 നമ്പർ കത്ത്.

2) ജി.ഒ.(എം.എസ്.) 58/06/ത.സ്വ.ഭ.വ. തീയതിഃ 16.02.2006.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലാ ബധിര അസോസിയേഷന്റെ ഒരു വർഷക്കാലം നീണ്ടുനിന്ന സിൽവർ ജൂബിലി ആഘോഷങ്ങളുടെ സമാപന പരിപാടികൾ 2013 സെപ്റ്റംബർ 28, 29 തീയതികളിൽ മലപ്പുറം മുനിസിപ്പൽ ടൗൺ ഹാളിൽ നടക്കുന്നതായും ഇതോടനുബന്ധിച്ചിട്ടുള്ള വിവിധ പരിപാടികളുടെ നടത്തിപ്പിനായി മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുടേയും ഗ്രാമ പഞ്ചായത്തുകളുടേയും തനത് ഫണ്ടിൽ നിന്നും 3000/- രൂപ (മൂവായിരം രൂപ മാത്രം) ധനസഹായമായി നൽകണമെന്നാണ് പരാമർശം വഴി ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലാ ബധിര അസോസിയേഷന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ സമാപന പരിപാടികളുടെ നടത്തിപ്പിനായി മലപ്പുറം ജില്ലയിലെ **ഗ്രാമ പഞ്ചായത്തുകൾക്ക് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി തനത് ഫണ്ടിൽ നിന്നും പരമാവധി ₹ 3,000/-** (മൂവായിരം രൂപ മാത്രം) വീതം ധനസഹായമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
ഓർഗനൈസിങ് സെക്രട്ടറി, മലപ്പുറം ജില്ലാ ബധിര അസോസിയേഷൻ, N K ബിൽഡിംഗ്, തിരൂർ റോഡ്, ഡൗൺഹിൽ പോസ്റ്റ്, മലപ്പുറം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ.&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.